**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2174** **06.02.2019**- ൽ മറുപടിയ്ക്ക്

## എന്റെ കൂട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | എന്റെ കൂട് പദ്ധതി എവിടെയെല്ലാ-മാണ് നടപ്പാക്കിവരുന്നത്; | (എ) | നിലവിൽ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് എന്റെ കൂട് പദ്ധതി ആരംഭിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിയ്ക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി ആദ്യമായി നടപ്പിലാക്കിയത് ഏത് വർഷമാണെന്നും എവിടെയാണെന്നും വ്യക്തമാക്കുമോ; | (ബി) | 2015-ൽ കോഴിക്കോട് ജില്ലയിൽ |
| (സി) | എന്റെ കൂട് പദ്ധതി ആദ്യമായി ആരംഭിച്ചത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (സി) | പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

A1-9

89

123

54

00085

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതിവകുപ്പ് - അഗതികൾക്കുള്ള അഭയകേന്ദ്രം 'എന്റെ കൂട്' പദ്ധതി - നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.608/2013/സാ.നീ.വ          തിരുവനന്തപുരം, തീയതി , 11 /12/2013.

---

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 20.09.2013 - ലെ ജി3/26947/13 നമ്പർ കത്ത്.
2. 27.09.2013 ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പ്.

## ഉത്തരവ്

സർക്കാർ, സർക്കാരിതര സ്ഥാപനങ്ങൾ, വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹായത്തോടെ അഗതികൾക്ക് താമസം, ഭക്ഷണം, വസ്ത്രം എന്നിവ ഉറപ്പാക്കി അവർക്ക് ഒരു രാത്രി അഭയകേന്ദ്രം ആരംഭിക്കുകയെന്നതാണ് 'എന്റെ കൂട്' പദ്ധതിയുടെ ലക്ഷ്യം. പൈലറ്റടിസ്ഥാനത്തിൽ സംസ്ഥാനത്ത് കോഴിക്കോട് ജില്ലയിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തുകയും 50 അഗതികൾക്ക് ഭക്ഷണത്തിനുള്ള വാർഷിക ചെലവ്, ജീവനക്കാർക്കുള്ള ശമ്പളം, മറ്റനുബന്ധ സൗകര്യങ്ങൾ കെട്ടിട പുനരുദ്ധാരണ പണികൾ എന്നിവയ്ക്കായി 58.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സഹിതമുള്ള പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി സാമൂഹ്യനീതി ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

27.09.2013 - ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുകയും താഴെപ്പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി പദ്ധതിയ്ക്ക് അംഗീകാരം നൽകാൻ തീരുമാനിക്കുകയും ചെയ്തു.

1. അന്തേവാസികൾക്കുള്ള ഭക്ഷണം സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നൽകേണ്ടതാണ്.
2. രണ്ട് ഹൗസ് മാസ്റ്റർമാരെ ഹോണററി അടിസ്ഥാനത്തിൽ വോളന്റിയർമാരായി നിയമിക്കേണ്ടതാണ്. ആയതിലേയ്ക്കുള്ള ചെലവ്.3.6. ലക്ഷം
3. സോപ്പ്, ടൂത്ത്പേസ്റ്റ് മുതലായവയ്ക്കായി 45,000/- രൂപ
4. ശുചീകരണ പ്രവർത്തനങ്ങൾ കുടുംബശ്രീ മുഖാന്തിരം നടത്തേണ്ടതാണ്. 1.8 ലക്ഷം രൂപ.
5. ടെലിവിഷൻ, വാഷിംഗ്മെഷീൻ എന്നിവയ്ക്ക് 50,000/- രൂപ.

91

-59-

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 'എന്റെ കൂട്' പദ്ധതി നടപ്പാക്കുന്നതിനുള്ള ഭരണാനുമതി നൽകിയും ആയതിലേയ്ക്കായി 58.10 ലക്ഷം (അൻപത്തിയെട്ടു ലക്ഷത്തി പതിനായിരം) രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ തുക നടപ്പുവർഷത്തെ 2235-02-101-75 (പി) ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ഡോ.കെ.എം.എബ്രഹാം**
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്,
ജില്ലാ ട്രഷറി ഓഫീസർ,
ആസൂത്രണകാര്യ (ഇഎ) വകുപ്പ്,
സാമൂഹ്യനീതി (എ) വകുപ്പ്,
വിവര പൊതുജന സമ്പർക്ക വകുപ്പ്, (പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ശേഖരം/ ഓഫീസ് പകർപ്പ്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ